പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1490 | 13.07.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർമാരുടെ നിയമനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എൻ.വിജയൻ പിള്ള** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി വർക്കർമാരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായം നിജപ്പെടുത്തിയിട്ടുണ്ടോ; | (എ) അങ്കണവാടി വർക്കർമാരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 46 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അംഗൻവാടിയിൽ അവധി ഒഴിവുകളിൽ ജോലി ചെയ്തവർക്ക് അംഗൻവാടി നിയമനത്തിൽ മുൻഗണനയുണ്ടോ; പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; | (ബി) അങ്കണവാടിയിൽ അവധി ഒഴിവുകളിൽ ജോലി ചെയ്തിട്ടുള്ള അങ്കണവാടി വർക്കർമാർക്ക് സ്ഥിരം ഒഴിവുകളിലേയ്ക്ക് സെലക്ഷൻ നടത്തുമ്പോൾ ഒരു വർഷത്തെ മുൻപരിചയത്തിന് 2 മാർക്ക് എന്ന തോതിൽ പരാമവധി 5 മാർക്ക് ലഭിക്കുന്നതായിരിക്കും. അങ്കണവാടി ഹെൽപ്പർമാർക്ക് ഒരു വർഷത്തെ മുൻപരിചയത്തിന് ഒരു മാർക്ക് എന്ന തോതിൽ പരാമവധി 3 മാർക്ക് ലഭിക്കുന്നതാണ്. പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടില്ല. |
| (സി) അംഗൻവാടി നിയമനത്തിന് മുൻകാലയളവിൽ ജോലി ചെയ്തവർക്ക് നിയമനത്തിനുള്ള പ്രായം 50 ആയി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) അങ്കണവാടി ജീവനക്കാരായി നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി കേന്ദ്ര സർക്കാർ 44 വയസ്സായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ഐ.സി.ഡി.എസ് മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നിയമനത്തിനുള്ള പ്രായപരിധി 18-35 വയസ്സാകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 46 വയസ്സാണ് അങ്കണവാടി ജീവനക്കാരായി നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി. പ്രസ്തുത സാഹചര്യത്തിൽ അങ്കണവാടി നിയമനത്തിന് മുൻകാലയളവിൽ ജോലി ചെയ്തവർക്ക് ഉയർന്ന പ്രായപരിധി 50 വയസ്സായി ഉയർത്തുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ